# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## രാജീവ്ഗാന്ധി സേവാകേന്ദ്രം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2936

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, എ. റ്റി. ജോർജ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ രാജീവ്ഗാന്ധി സേവാകേന്ദ്രം നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്<br>സ്ഥലലഭ്യതയുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ രാജീവ് ഗാന്ധി സേവാകേന്ദ്രം നിർമ്മിക്കുന്നതിനാ വശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സേവാകേന്ദ്രങ്ങളുടെ നിർമ്മാണത്തിന് സഹായകരമായ രീതിയിൽ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഏകദേശം 130 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലും ബ്ലോക്ക് പഞ്ചായ ത്തിൽ ഏകദേശം 290 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലും തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിച്ച് രാജീവ് ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുവാൻ കഴിയും. സ്ഥലസൗകര്യങ്ങൾ ലഭ്യമായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണ സാങ്കേതികാനുമതി നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. ഇതിനോടകം 10 ഗ്രാമപഞ്ചായത്തുകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും സേവാകേന്ദ്ര ങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം പ്രദാനം ചെയ്യുക.<br>2. അറിവ് വിഭവ കേന്ദ്രമായി (Knowledge Resource Centre) പ്രവർത്തിക്കുക<br>i. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് ഗ്രാമവികസന പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ഗ്രാമീണർക്ക് ലഭ്യമാകുന്ന ഇടം.<br>ii. മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതികവിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിച്ച് അവ സമന്വയത്തിലൂടെ ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ<br>iii. ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഓഫീസിനും സഹായകരമായ രീതിയിൽ വിവരസാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ലഭ്യമാക്കൽ |
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം; | (സി) | ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ബ്ലോക്ക്തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥർ. ഗ്രാമപഞ്ചായത്ത് തലത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറാണ് പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുന്നതും അളവുകൾ രേഖപ്പെടുത്തുന്നതും. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവൃത്തി മാനേജ് ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ ആയിരിക്കും. ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുന്നതും അളവുകൾ രേഖപ്പെടുത്തുന്നതും ബ്ലോക്ക്സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ ചുമതലയുള്ള എൽ.എസ്.ജി.ഡി എഞ്ചിനീയറാണ്. ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ പ്രവൃത്തി മാനേജ് ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ബ്ലോക്കിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ ആയിരിക്കും. |

| | | | |
|---|---|---|---|
| | | | എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരിക്കും ഗ്രാമപഞ്ചായത്ത് തലത്തിലെ പ്രവൃത്തികളുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടത്. എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരിക്കും ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ പ്രവൃത്തികളുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | പദ്ധതി നടത്തിപ്പിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>i. ഗ്രാമ/ ബ്ലോക്ക്പഞ്ചായത്തുകളിൽ സെക്രട്ടറിമാരെ നിർവ്വഹണ ഉദ്യോഗസ്ഥൻമാരായി നിശ്ചയിച്ച് പ്രവർത്തികൾ ഏറ്റെടുക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ii. സേവാകേന്ദ്രങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ; ആവശ്യമായ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്.<br>iii. നിശ്ചയിച്ചിട്ടുള്ള വിസ്തീർണത്തിൽ മാറ്റം വരുത്താതെ നിലവിലെ പൊതുമരാമത്ത് നിരക്ക് അവലംബിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തൊഴിലുറപ്പ് ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിനും കേന്ദ്രനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ